**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**

**നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം -സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സ്ഥലം മാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. ഉത്തരവ് നം:ആവഡ/26/2026-ഇഇ5തീയതി 23-02-2026

2.ജില്ലാ മെഡിക്കൽ ഓഫിസുകളിൽ നിന്നും ലഭ്യമായ അപ്പീൽ അപേക്ഷകൾ.

**ഉത്തരവ് നം: .ആവഡ/26/2026 -ഇഇ5 തീയതി: 27-02-2026**

---

പരാമർശം 1 പ്രകാരം നടത്തിയ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സ്ഥലം മാറ്റ /സ്ഥാനക്കയറ്റ ഉത്തരവിൽ പരാമർശം 2 പ്രകാരം ലഭിച്ച അപ്പീൽ പരിഗണിച്ച് താഴെ പരാമർശിക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു .

Annexure 1 പട്ടികയിൽ സീരിയൽ നമ്പർ 29 ആയി ഉൾപ്പെട്ട ശ്രീമതി സ്മിത എ ആർ നു DH Chenganoor ലേക്ക് ലഭിച്ച സ്ഥലം മാറ്റം വേണ്ടെന്നും നിലവിലെ സ്ഥലത്തു (കാസറഗോഡ് ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ) നിലനിർത്തണമെന്നും അപേക്ഷ ലഭ്യമായിട്ടുണ്ട്. തിരൂർ ജില്ലാ ആശുപത്രിയിൽ നിന്നും ചേർത്തല താലൂക്ക് ആശുപത്രിയിലേക്ക് നിയമനം ലഭിച്ച ശ്രീമതി രഞ്ജിനി ഗോപ് (സീരിയൽ നമ്പർ 27 ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റത്തിനു അപേക്ഷ നൽകിയിട്ടുണ്ട്. ശ്രീമതി രഞ്ജിനി ഗോപ് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലേക്ക് അപേക്ഷിച്ചവരിൽ സീനിയർ ആയതിനാൽ ടിയാന് ചേർത്തല താലൂക്ക് ആശുപത്രിക്കു പകരം

**DH Chenganoor** ലേക്ക് നിയമനം നൽകിയും ശ്രീമതി സ്മിത എ ആർ ന്റെ സ്ഥലം മാറ്റം റദ്ദ് ചെയ്തു നിലവിലെ സ്ഥാപനത്തിൽ (കാസറഗോഡ് ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ) നില നിർത്തിയും ഉത്തരവാകുന്നു .

പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിലെ സീനിയർ നഴ്സിംഗ് ഓഫീസർ ആയ ശ്രീമതി ഷംല ആർ നെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് **TH Cherthala, Alappuzha** ലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു .

**Annexure 1** പട്ടികയിൽ സീരിയൽ നമ്പർ **58** ആയി ഉൾപ്പെട്ട ആശ പി രവീന്ദ്രൻ നു എറണാകുളം ജനറൽ ആശുപത്രിയിലേക്ക് നൽകിയ സ്ഥലം മാറ്റം വേണ്ടെന്നും കട്ടപ്പന താലൂക്ക് ആശുപത്രിയിൽ തന്നെ നിലനിർത്തണമെന്ന് കാണിച്ച് അപേക്ഷ നൽകിയിട്ടുണ്ട് .ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് സ്ഥലം മാറ്റം റദ്ദ് ചെയ്തു നിലവിലെ സ്ഥാപനത്തിൽ നില നിർത്തി ഉത്തരവാകുന്നു .

എറണാകുളം ജനറൽ ആശുപത്രിയിലേക്ക് അപേക്ഷിച്ചവരിൽ അടുത്ത സ്റ്റേഷൻ സീനിയർ ആയ ശ്രീമതി സ്മിത ബക്കറിന് **(PEN 238044)** ജില്ലാ ആശുപത്രി ഇടുക്കിയിൽ നിന്നും എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു. കൂടാതെ ഇടുക്കി ജില്ലാ ആശുപത്രിയിലേക്ക് അപേക്ഷിച്ചവരിൽ സീനിയർ ആയ ശ്രീമതി അനിത എം വി ക്കു **(PEN 316471)** ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് നിന്നും ഇടുക്കി ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു . **Annexure 1** പട്ടികയിൽ സീരിയൽ നമ്പർ **46** ആയി ഉൾപ്പെട്ടു താലൂക്ക് ആശുപത്രി കട്ടപ്പനയിലേക്കു സ്ഥലം മാറ്റം ലഭിച്ച ശ്രീമതി ജയശ്രീ കെ ജി ക്കു സ്ഥലം മാറ്റം നൽകുന്നതിന് ഒഴിവു ഇല്ലാത്തതിനാൽ ജയശ്രീ കെ ജി യെ കാസറഗോഡ് ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ നില നിർത്തി സ്ഥലം മാറ്റം റദ്ദ് ചെയ്തു ഉത്തരവാകുന്നു.

സ്ഥലം മാറ്റ ഉത്തരവിൽ സീരിയൽ നമ്പർ **14** ആയി ഉൾപ്പെട്ട സീന കെ ആർ ന്റെ പെൻ നമ്പർ **422170** ആയി തിരുത്തി ഉത്തരവാകുന്നു. സീരിയൽ നമ്പർ **42** ആയി ഉൾപ്പെട്ട ശ്രീമതി

സീമോൾ വർഗ്ഗീസ് - ന്റെ നിലവിലെ സ്ഥാപനം ജനറൽ ആശുപത്രി തലശ്ശേരി എന്നതിന് പകരം ജില്ലാ ആശുപത്രി കണ്ണൂർ എന്ന് തിരുത്തി ഉത്തരവാകുന്നു.

തലശ്ശേരി ജനറൽ ആശുപത്രിയിൽ ഒരു ഒഴിവു കുറയുന്നതിനാൽ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് അവസാനം നിയമനം നൽകിയ **Annexure 2 (sl No 34)** സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിയായ ശ്രീമതി **Sreebadhra K S** നു ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ എന്നതിനു പകരം കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

കാസറഗോഡ് ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റം നൽകിയ രണ്ടു ജീവനക്കാരെ ടി സ്ഥാപനത്തിൽ തന്നെ നില നിർത്തേണ്ടി വന്നതിനാൽ **Annexure 2** സ്ഥാനക്കയറ്റ പട്ടികയിൽ ടാറ്റ ട്രസ്റ്റ് ആശുപത്രിയിലേക്ക് നിയമിച്ച ശ്രീമതി അമ്പിളി കെ യെ **(Sl No 50 in Annexure 2 list )** ഒഴിവുള്ള പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിലേക്കും ശ്രീമതി ലിസി ജേക്കബിനെ **(Sl No 53 in Annexure 2 list** ഒഴിവുള്ള കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്കും നിയമനം നൽകി ഉത്തരവാകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. പരാമർശം 1 ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

Digitally signed by
Sandeep K
Date: 27-02-2026
16:52:14

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം),

2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്